കേരളീയം

# നിളയെ രക്ഷിക്കാൻ

സംസ്കാരത്തിന്റെ ജീവവാഹിനികളാണ് പുഴകൾ. നദീതടങ്ങളെ കേന്ദ്രീകരിച്ചാണ് ലോകത്തെങ്ങും ജനപഥങ്ങൾ രൂപം കൊണ്ടതും വളർന്നുവന്നതും. കേരളത്തിന്റെ സംസ്കാരവുമായി അഭേദ്യമായ ബന്ധമുള്ള ഒരു നദിയുണ്ട്. നിളയെന്നും പേരാറെന്നും പേരുള്ള ഭാരതപ്പുഴ. പൊന്നാനിയിൽ വച്ച് കടലിൽ ചേരുന്ന ഈ പുഴ ഇന്ന് നാശത്തിന്റെ അവസാനഘട്ടത്തിലാണ്.

മലിനീകരണവും താങ്ങാവുന്നതിലേറെയുള്ള ജലസേചനപദ്ധതികളും വനനശീകരണവും തകർത്ത നിളയുടെ അവസാനത്തെ ജീവകണികയും അനിയന്ത്രിതമായ മണൽവാരലിലൂടെ ഊറ്റിയെടുക്കുന്ന ക്രൂരതയിലാണ് നാം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും റവന്യൂ മൈനിങ്ങ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റുകളും പോലീസുമൊക്കെ ഈ മണൽക്കൊള്ളക്ക് കൂട്ടു നിൽക്കുകയും ചെയ്യുന്നു എന്നതാണ് ദുരവസ്ഥ. ഭാരതപ്പുഴയുടെ തീരങ്ങൾ എന്നും നന്മയുടെ തീരങ്ങളായിരുന്നു. ഇന്നിവിടെ മണൽമാഫിയ ഭീതി വിതയ്ക്കുകയാണ്.

മണൽവാരൽ നിരോധനം നിലനിൽക്കുന്ന മാസങ്ങളിൽ പോലും പുഴമണൽ അനിയന്ത്രിതമായി കയറ്റിക്കൊണ്ടുപോവുകതന്നെയാണ്. എതിർക്കുന്നവരെ അപായപ്പെടുത്താൻ വരെ കരുത്തുള്ള ഇത്തരം സംഘങ്ങൾ സൃഷ്ടിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ ഏറെയാണ്. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി ഒരുപക്ഷേ പുഴ നാളെ ഒരു മണൽത്തരി പോലുമില്ലാത്ത ചെളിക്കുണ്ടായി മാറിയേക്കാം.

ഈ പുഴയെ രക്ഷിക്കാനായി ഒരുപാട് ശ്രമങ്ങൾ നടന്നു. അന്തരിച്ച ഇ. പി. ഗോപാലനും എസ്. പ്രഭാകരൻ നായരും അടക്കമുള്ള മനുഷ്യസ്നേഹികൾ ഈ പുഴയ്ക്കായി ശബ്ദമുയർത്തി. ആശ്രമങ്ങൾ ഒരു പരിധിവരെ വിജയം കാണുകയും ചെയ്തു. എങ്കിലും സംഘടിതവും ആസൂത്രിതവുമായി പുഴയെ നശിപ്പിക്കാൻ ശ്രമിക്കുന്നവരെ നിലയ്ക്കു നിർത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. പുഴയെ രക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ പൂർണ്ണഫലപ്രാപ്തിയിൽ എത്താത്തതിൽ നമുക്കും പങ്കില്ലേ? ഭാരതപ്പുഴ സംരക്ഷണ പ്രവർത്തകരെ ഒത്തുചേർക്കാനും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനുമുള്ള ശ്രമങ്ങളുടെ ഭാഗമായി കേരളീയം, ഭാരതപ്പുഴ സംരക്ഷണസമിതി, മലപ്പുറം ജില്ലാ പരിസ്ഥിതിസംഘം എന്നിവയുടെ മുൻകയ്യിൽ കുറ്റിപ്പുറം സ്കൂളിലും പുഴയുടെ തീരങ്ങളിലും ഒത്തുചേരുകയാണ്. ഇനിയും നമുക്ക് അവസരമുണ്ട്. ആസന്നമരണയായ ഒരു പുഴയ്ക്ക് ഒരിറ്റു വെള്ളമെങ്കിലും നൽകാൻ.